# കേരള സർവകലാശാല

നം. പി.ആർ.078/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എഡ് ടൈംടേബിൾ

കേരള സർവകലാശാല മേയ് 30-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് സപ്ലിമെന്ററി (2004 & 2013 സ്കീം), മേയ് 31-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് (2015 സ്കീം- റഗുലർ (2015-17 ബാച്ച്)) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എച്ച്.എസ്സി.സി.സി.ഡി പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ 20-ന് തുടങ്ങുന്ന രണ്ടാം വർഷ എം.എച്ച്.എസ്സി ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ ഒന്ന് (50 രൂപ പിഴയോടെ ജൂൺ മൂന്ന്, 250 രൂപ പിഴയോടെ ജൂൺ ആറ്) വരെ അപേക്ഷിക്കാം.

### ബി.എ ഓണേഴ്സ് പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 26 (50 രൂപ പിഴയോടെ മേയ് 28, 250 രൂപ പിഴയോടെ മേയ് 30) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

### ബി.എസ്സി ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം

കേരള സർവകലാശാല മേയ് 20-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എസ്സി (ആന്വൽ സ്കീം) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എസ്.ഡി.ഇ വിദ്യാർത്ഥികൾ www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകണം.

### ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പേൾ (PERL) റഗുലർ എക്സ്പ്രെഷൻ എന്ന ഏകദിന ശിൽപശാല മേയ് 25 രാവിലെ 9.30-ന് കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വകുപ്പിൽ നടത്തും. താൽപര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ. 0471-3216730 ഇ-മെയിൽ: aswathi.bl@gmail.com

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
17.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in